അനുസ്മരണം

കാഞ്ച ഐലയ്യ

# അവർ ഇന്ത്യൻ ലിങ്കണെ അവഗണിച്ചു

**നവംബർ** 27. ഞാൻ വീട്ടിലെത്തിയസമയം. വൈകുന്നേരം മൂന്ന് മണിയായി കാണും. പ്രഫസർ ഭാഗ്യനായികിന്റെ ഫോൺ വന്നു. മണ്ഡൽ പ്രക്ഷോഭകാലത്ത് അതിന് നേതൃത്വം കൊടുത്ത വിദ്യാർഥി നേതാക്കളിലൊരാളായിരുന്നു ഭാഗ്യനായിക്. "ഭീകരാക്രമണത്തിന്റെ ദുരന്ത വാർത്തകൾക്കിടയിൽ മറ്റൊരു ദുരന്ത വാർത്ത. വി.പി സിംഗ് മരിച്ചു. *എൻ.ഡി* ടിവിയുടെ സ്ക്രോളിൽ ഇടക്കിടെ കാണിക്കുന്നുണ്ട്."


കാഞ്ച ഐലയ്യ

സകല ടിവികളും താജ്, ഒബ്റോയ്, നരിമാൻ ഹൗസ് എന്നിവയിൽ മാത്രമായി കുടുങ്ങിക്കിടക്കുന്ന സന്ദർഭം. ഒരു മുൻ ഇന്ത്യൻ പ്രധാനമന്ത്രിയുടെ മരണവാർത്ത എവിടെയെങ്കിലും കാണാൻ പറ്റുമോ എന്ന് ഞാൻ പരതി. ഇംഗ്ലീഷ് 'ദേശീയ' ചാനലുകളിൽ ഒരു ഫ്ളാഷ് ന്യൂസെങ്കിലും ഉണ്ടാവാതിരിക്കില്ല എന്ന് പ്രതീക്ഷിച്ചു. ഇല്ല, ഒരു ഫ്ളാഷ് ന്യൂസ് പോലും ഇല്ല. കുറേ സമയത്തിന് ശേഷം ഒരു ചാനൽ എഴുതിക്കാണിച്ചു: 'വി.പി സിംഗ് മരിച്ചു.' വിശദാംശങ്ങളില്ല. ഒരു ചാനലും അദ്ദേഹത്തിന്റെ മൃതദേഹം കാണിച്ചില്ല. പ്രധാനമന്ത്രിയായിരിക്കെ അദ്ദേഹം വഹിച്ച പങ്കിനെക്കുറിച്ച് ആരും ചർച്ച സംഘടിപ്പിക്കാൻ മെനക്കെട്ടതുമില്ല.

അടുത്ത ദിവസം ഞാൻ നിരവധി പത്രങ്ങൾ പരിശോധിച്ചു. മുൻ പേജിൽ ഒരു മൂലയിൽ ഒരു ചെറിയ വാർത്ത മാത്രം. കൂടെ ഒരു സാദാ ഫോട്ടോയും (മൃതദേഹത്തിന്റേത് ഇല്ല).

അതൊരു സംഭവമേ അല്ല എന്ന മട്ടിലായിരുന്നു ഇലക്ട്രോണിക് മീഡിയ ആ മരണത്തെ നോക്കിക്കണ്ടത്. താജ്-ഒബ്റോയ് പരിസരത്ത് ഓരോ മിനുട്ടിലും നടക്കുന്നത് സംപ്രേഷണം ചെയ്ത് അവർ രാഷ്ട്രത്തെ സംരക്ഷിക്കുകയായിരുന്നല്ലോ. യഥാർഥത്തിൽ, ഈ ഹോട്ടലുകൾക്ക് ചുറ്റും സ്ഥാപിച്ച ടിവി ക്യാമറകൾ തീവ്രവാദികളെ പുറത്തു ചാടിക്കാനുള്ള ഓപ്പറേഷന് തടസ്സം സൃഷ്ടിക്കുന്നു എന്നാണ് അപ്പോൾ പോലീസ് ഉദ്യോഗസ്ഥന്മാർ പറഞ്ഞുകൊണ്ടിരുന്നത്. ആ മൂന്ന് ദിവസങ്ങളിൽ ചാനലുകൾ മത്സരിച്ചുകൊണ്ടിരുന്നത് ഭീകരാക്രമണ റിപ്പോർട്ടിംഗിൽ ഒന്നാം സ്ഥാനം എത്തിപ്പിടിക്കാനായിരുന്നു. മറ്റൊന്നിനും വേണ്ടിയല്ല, പരസ്യവരുമാനം വർധിപ്പിക്കാൻ. അതിനിടക്ക് 'മണ്ഡൽ പ്രേത'ത്തിന്റെ ശവശരീരം ആർക്ക് കാണണം! സമത്വസുന്ദരമായ ഇന്ത്യ പണിയാൻ ഒരു ചെറിയ

**പീഡിതർക്ക് വേണ്ടി നിലകൊണ്ട ഒരാൾ മരണസന്ദർഭത്തിൽ പോലും അവഗണിക്കപ്പെടുകയും അപമാനിക്കപ്പെടുകയും ചെയ്യുകയാണെങ്കിൽ, അത് തങ്ങളെ അപമാനിക്കുന്നതിനു തുല്യമായി പീഡിതർ കണക്കാക്കും. ധാർമിക കാരണങ്ങളാൽ തന്റെ മുഖ്യമന്ത്രി പദവി (ഉത്തർപ്രദേശ്)യും അഴിമതി (ബോഫോഴ്സ്)ക്കെതിരെ പോരാടുന്നതിന് തന്റെ പ്രതിരോധമന്ത്രി സ്ഥാനവും ബലികഴിക്കുകയും തന്റെ രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ (ജൻ മോർച്ചയെ ജനതാദളായി മാറ്റിയത്) കരുത്തുകൊണ്ട് പ്രധാനമന്ത്രിയായിത്തീരുകയും ചെയ്ത ഒരാളെ എങ്ങനെ വായിക്കണമെന്ന് ജനങ്ങൾക്ക് അറിയാം.**

ആഭ്യന്തര യുദ്ധത്തിനു തന്നെ തുടക്കംകുറിച്ച ആ മനുഷ്യനോട് ജാതിവരേണ്യ മീഡിയ പ്രതികാരം ചെയ്യുകയായിരുന്നു. പ്രധാനമന്ത്രിയായിരിക്കെ സാമൂഹികനീതിയെക്കുറിച്ച് ഗൗരവതരമായ ചർച്ചക്ക് തുടക്കംകുറിച്ചതോടൊപ്പം, ഇന്ത്യയെ എങ്ങനെ ജാതിവിമുക്തമാക്കാം എന്നതിന് ഒരു വഴി പറഞ്ഞുതരികയും ചെയ്ത ആളായിരുന്നു വി.പി സിംഗ്. ഒരു നിലക്ക്, 19-ാം നൂറ്റാണ്ടിന്റെ ഒടുവിൽ അമേരിക്കയിൽനിന്ന് അടിമത്ത സമ്പ്രദായം ഇല്ലാതാക്കുന്നതിന് ആഭ്യന്തരയുദ്ധത്തിനൊരുങ്ങിയ അബ്രഹാം ലിങ്കണുമായി അദ്ദേഹത്തെ താരതമ്യം ചെയ്യാം. കറുത്തവരുടെ അവകാശങ്ങൾക്ക് വേണ്ടി നിലകൊണ്ട വെള്ളക്കാരനായിരുന്നു ലിങ്കൺ. ജാതിയും ഭീകരമായ അസമത്വവും നിലനിന്ന ഇരുപതാം നൂറ്റാണ്ടിലെ ഇന്ത്യയിൽ സാമൂഹികനീതിക്കുവേണ്ടി അതുപോലൊരു യുദ്ധം നയിക്കുകയായിരുന്നു വി.പി സിംഗും.

നൂറ്റാണ്ടുകളായി അസമത്വം പേറി ജീവിക്കുന്ന താഴ്ന്ന ജാതിക്കാർക്ക് വേണ്ടി നിലകൊണ്ട ക്ഷത്രിയനായിരുന്നു അദ്ദേഹം. അബ്രഹാം ലിങ്കണെ വെള്ളക്കാർ കൊലപ്പെടുത്തുകയായിരുന്നു. സംവരണവിരുദ്ധരായ മേൽജാതിക്കാർ വെറും പതിനൊന്ന് മാസത്തിനകം വി.പി സിംഗിന്റെ അധികാരം ഇല്ലാതാക്കി. പിന്നീടങ്ങോട്ട് അദ്ദേഹത്തിന്റെ രാഷ്ട്രീയ ജീവിതത്തെ യാതൊരു അവസരവും നൽകാതെ കശാപ്പ് ചെയ്തു എന്ന് പറയാം. അബ്രഹാം ലിങ്കൺ കറുത്തവരുടെ ഹീറോയും വർണവെറിയന്മാരായ വെള്ളക്കാരുടെ വില്ലനുമായി.

അതുപോലെ വി.പി സിംഗും ദലിത് പിന്നാക്ക വിഭാഗങ്ങളുടെ ഹീറോ ആയും സംവരണവിരുദ്ധ മേൽജാതിക്കാരുടെ വില്ലനുമായി മാറുകയാണുണ്ടായത്. തങ്ങൾ രാഷ്ട്രത്തെ ഭീകരന്മാരിൽനിന്ന് രക്ഷിക്കുകയാണ് എന്നാണ് മേൽജാതി സംവരണവിരുദ്ധ ശക്തികൾ അവകാശപ്പെടുന്നത്. പക്ഷേ മീഡിയയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ ശക്തികൾ ഒന്നോർക്കണം. വി.പി സിംഗ് മരിച്ച ദിവസം ഫണം വിടർത്തിയാടിയ ഭീകരതയെ ചെറുക്കാൻ സമത്വത്തിന് വേണ്ടി യത്നിക്കുന്ന ഒരു രാഷ്ട്രത്തിനേ കഴിയൂ എന്നതാണത്.

വി.പി സിംഗിനെ അദ്ദേഹത്തിന്റെ മരണത്തിൽ പോലും ഒരു മാലിന്യം പോലെ കണ്ട മീഡിയയും യു.പി.എ നേതാക്കളും മനുഷ്യജീവിതത്തിന്റെ ഒരു അടിസ്ഥാന സംഗതി മറന്നുപോകുന്നു. പീഡിതർക്ക് വേണ്ടി നിലകൊണ്ട ഒരാൾ മരണസന്ദർഭത്തിൽ പോലും അവഗണിക്കപ്പെടുകയും അപമാനിക്കപ്പെടുകയും ചെയ്യുകയാണെങ്കിൽ, അത് തങ്ങളെ അപമാനിക്കുന്നതിനു തുല്യമായി പീഡിതർ കണക്കാക്കും. ധാർമിക കാരണങ്ങളാൽ തന്റെ മുഖ്യമന്ത്രി പദവി (ഉത്തർപ്രദേശ്)യും അഴിമതി (ബോഫോഴ്സ്) ക്കെതിരെ പോരാടുന്നതിന് തന്റെ പ്രതിരോധമന്ത്രി സ്ഥാനവും ബലികഴിക്കുകയും തന്റെ രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ (ജൻ മോർച്ചയെ ജനതാദളായി മാറ്റിയത്) കരുത്തുകൊണ്ട് പ്രധാനമന്ത്രിയായിത്തീരുകയും ചെയ്ത ഒരാളെ എങ്ങനെ വായിക്കണമെന്ന് ജനങ്ങൾക്ക് അറിയാം. ഈ മീഡിയക്കൊന്നും രാഷ്ട്രത്തെ ഭീകരന്മാരിൽനിന്ന് രക്ഷിക്കാനാവില്ല. പീഡിതരായ ഭൂരിപക്ഷം മീഡിയയെ അവിശ്വസിക്കുന്നു എന്നതു തന്നെ കാരണം.

വി.പി സിംഗ് തത്ത്വചിന്തകനായിരുന്നു, കവിയായിരുന്നു, ചിത്രകാരനായിരുന്നു. അദ്ദേഹം രാഷ്ട്രത്തിന് ആരുമല്ല എന്ന നിലക്കാണ് മീഡിയ പെരുമാറിയത്. മണ്ഡൽ കമീഷൻ റിപ്പോർട്ട് നടപ്പാക്കിയത് വി.പി സിംഗായിരുന്നു. അതിനെതിരെയാണ് വരേണ്യ ജാതി യുവാക്കളുടെ ആത്മാഹുതി ശ്രമങ്ങളുണ്ടായത്. അതിനെ തുടർന്നായിരുന്നു അദ്വാനിയുടെ കമണ്ഡലു യാത്ര. അദ്വാനി മേൽത്തട്ടുകാരുടെ ഹീറോ ആവുകയും ചെയ്തു.

മുംബൈ ഭീകരാക്രമണം പോലുള്ള സന്ദർഭത്തിൽ അദ്വാനിയാണ് മരണപ്പെട്ടിരുന്നതെങ്കിൽ വി.പി സിംഗിനെ അവഗണിച്ച പോലെ അവർ അദ്ദേഹത്തെ അവഗണിക്കുമായിരുന്നോ? ഇല്ല എന്ന് തീർത്തു പറയാം. കാരണം അദ്ദേഹത്തെക്കുറിച്ച് ചർച്ച സംഘടിപ്പിക്കുന്നതിലും മറ്റും വലിയ വരുമാനത്തിനുള്ള സാധ്യതകളുണ്ട്. മിക്ക മാധ്യമ പ്രവർത്തകരുടെയും അവകാശവാദം തങ്ങൾ മതേതർ ആണെന്നാണ്. പക്ഷേ ബിസിനസ്സിന്റെയും ജാതി വർഗീയതയുടെയും കാര്യം വരുമ്പോൾ മീഡിയ അവ രണ്ടിനും മുഖ്യ കവറേജ് നൽകും. ഈ വഴികളിലൂടെയാണല്ലോ ഭീമമായ പണം ഒഴുകുന്നത്. യഥാർഥത്തിൽ ഭീകരതയെ തടുക്കുന്നതിൽ മീഡിയക്ക് വലിയ റോളുണ്ട്. എന്നാൽ തങ്ങൾ തട്ടിപ്പടച്ചുണ്ടാക്കുന്നത് ജനങ്ങൾ വിശ്വസിക്കുന്നില്ലെന്ന് വന്നാൽ, ഭീകരന്മാർക്ക് വരെ നമ്മുടെ പൊതുസമൂഹത്തിൽ സുരക്ഷിതതാവളങ്ങൾ ഉണ്ടാക്കാൻ കഴിയും എന്ന് ഈ മീഡിയാ പ്രവർത്തകർ ഓർക്കണം.

മറ്റേതൊരു പ്രധാനമന്ത്രിയേക്കാളും ഇന്ത്യൻ ജനാധിപത്യത്തെ മാറ്റിയെഴുതിയത് വി.പി സിംഗാണ്. പ്രധാനമന്ത്രിയെന്ന നിലക്കുള്ള അദ്ദേഹത്തിന്റെ ഈ ഇടപെടൽ ഉണ്ടായിരുന്നില്ലെങ്കിൽ മുലായം സിംഗ്, ലാലു പ്രസാദ്, കൻഷിറാം, റാംവിലാസ് പാസ്വാൻ, മായാവതി പോലുള്ള രാഷ്ട്രീയക്കാരുടെ പോലും അതിജീവനം പ്രയാസകരമാവുമായിരുന്നു. വിരോധാഭാസമെന്ന് പറയട്ടെ, ഈ പിന്നാക്ക വിഭാഗങ്ങളിൽനിന്നുള്ള നേതാക്കളും വി.പി സിംഗിന്റെ മരണത്തെ കാര്യമായെടുക്കുകയുണ്ടായില്ല.

സാമൂഹികനീതി സ്വപ്നംകണ്ട നേതാവായിരുന്നു വി.പി സിംഗ്. കേന്ദ്ര സർക്കാർ തൊഴിലുകളിൽ പിന്നാക്ക വിഭാഗങ്ങൾക്ക് 27 ശതമാനം സംവരണം പ്രഖ്യാപിച്ചതു മുതൽ, സാമൂഹികനീതിയെക്കുറിച്ചും സമത്വത്തെക്കുറിച്ചുമുള്ള തന്റെ തത്ത്വശാസ്ത്രത്തിൽ അദ്ദേഹം ഒരിക്കലും വിട്ടുവീഴ്ചക്ക് തയാറായില്ല.

മീഡിയ ഇന്ന് അദ്ദേഹത്തെ അവഗണിച്ചു എന്നത് ശരി. പക്ഷേ അദ്ദേഹത്തെപ്പോലുള്ള ഒരാൾ ഉടൻ ഉയർത്തെഴുന്നേൽപിക്കപ്പെടുകതന്നെ ചെയ്യും. ■

(ഉസ്മാനിയാ യൂനിവേഴ്സിറ്റിയിൽ രാഷ്ട്രമീമാംസാ പ്രഫസറും പ്രമുഖ ദലിത് ആക്ടിവിസ്റ്റും ബുദ്ധിജീവിയുമാണ് ലേഖകൻ)